കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കീഴുപറമ്പ് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

### ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ശീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം.22/2003/2017
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി 4.10.2017

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് ( സെക്രട്ടറി മുഖാന്തിരം)

കീഴുപറമ്പ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കീഴുപറമ്പ് ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.22/2003/2017 തിയ്യതി: 4.10.2017

<u>മലപ്പുറം ജില്ലയിലെ കീഴുപറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ കീഴുപറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05-12-2016 മുതൽ 08-08-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

----------------------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

----------------------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 09-08-2017 മുതൽ 19-08-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുള്ള. എ സി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ. എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (16-08-2017 മുതൽ 19-08-2017 വരെ) |
| ശ്രീ. അഷ്റഫ്. കെ.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. അബ്ദുസ്സലാം. പി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. പി.കെ. കമ്മദ് കുട്ടി | 01.04.2016 മുതൽ 31.03.2017വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. എൻ. വി. കുട്ടികൃഷ്ണൻ | 01.04.2016 മുതൽ 19.07.2016 വരെ |
| ശ്രീ. പ്രദീപ് കുമാർ. പി, ഹെഡ്ക്ലർക്ക് (ഇൻ ചാർജ്) | 20.07.2016 മുതൽ 15.08.2016 വരെ |
| ശ്രീ. അബ്ദുൽ റഷീദ്, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്) | 16.08.2016 മുതൽ 01.10.2016 വരെ |
| ശ്രീ. സുധീർ എം.വി, അക്കൌണ്ടന്റ് (ഇൻ ചാർജ്) | 02.10.2016 മുതൽ 20.11.2016 വരെ |
| ശ്രീ. പി.ടി. അബ്ദുൽ സലാം | 21.11.2016 മുതൽ 18.03.2017 വരെ |
| vaccant | 19.03.2017 മുതൽ 20.03.2017 വരെ |
| ശ്രീ. ജി. ചന്ദ്രഹാസൻ, ജെ.എസ്, പി.എ.യു കൊണ്ടോട്ടി (ഇൻ ചാർജ്) | 21.03.2017 മുതൽ 31.03.2017 വരെ |

മറ്റ് നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| | Vaccant | 1.4.2016 മുതൽ 29.5.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. അബ്ദുൽ റഷീദ് | 30.05.2016 മുതൽ 01.10.2016 വരെ |
| | vaccant | 02.10.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. ഷൌക്കത്തലി. പി | 01.04.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. വിമൽ ബാബു. എ.കെ | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ. മോഹൻദാസ്. കെ | 01.04.2016 മുതൽ 31.01.2017 വരെ |
| | ശ്രീമതി. ശ്രീലക്ഷ്മി | 01.02.2017 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. സുസ്മിത. എസ് | 01.04.2016 മുതൽ 22.11.2016 വരെ |
| | ഡോ. സന്ധ്യ. ടി.പി | 23.11.2016 മുതൽ 12.12.2016 വരെ |
| | ഡോ. രജിത | 13.12.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. മേഴ്സി ജോൺ | 01.04.2016 മുതൽ 14.12.2016 വരെ |
| | ശ്രീമതി. ലിജിത. എസ് | 15.12.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി. ഷൈല. എൽ. ജോർജ്ജ് | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. അബ്ദുള്ള. പി | 01.04.2016 മുതൽ 26.12.2016 വരെ |
| | ഡോ. നസ്റുദ്ധീൻ. കെ | 27.12.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദ) | ഡോ. അജീഷ്. കെ.വി | 01.04.2016 മുതൽ 31.03.2017 വരെ |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |

| | | | |
|---|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 12 | വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് - പഞ്ചായത്തിന് വരുമാന നഷ്ടം | 2-1 | |
| 13 | തറ വിസ്തീർണ്ണത്തിന് ആനുപാതികമായി പെർമിറ്റ് ഫീ ഈടാക്കിയില്ല - പഞ്ചായത്തിന് 812 രൂപ നഷ്ടം | 2-2 | |
| 14 | മൊബൈൽ ടവറുകളുടെ വസ്തു നികുതി - 223417 രൂപ കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു | 2-3 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 15 | വൗച്ചറുകളുടെ കൂടെ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല | 3-1 | |
| 16 | തെരുവു നായ നിയന്ത്രണ പദ്ധതി- വിനിയോഗ വിവരം ലഭ്യമല്ല | 3-2 | |
| 17 | മരുന്നുകൾ മുഴുവനായും ലഭ്യമായില്ല | 3-3 | |
| 18 | ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്കെതിരെ തുടർ നടപടി സ്വീകരിക്കുന്നില്ല | 3-4 | |
| 19 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടും ഗുണഭോക്താക്കൾക്ക് അർഹമായധനസഹായം നൽകുന്നില്ല | 3-5 | |
| 20 | പത്രം വിതരണം -രേഖകൾ ലഭ്യമല്ല | 3-6 | |
| 21 | ക്ഷീര സഹകരണ സംഘങ്ങൾ രൂപീകരിക്കാത്തതിനാൽ ക്ഷീരകർഷകർക്ക് അർഹമായ സബ്സിഡി ലഭിക്കുന്നില്ല | 3-7 | |
| 22 | കുടിവെള്ള പദ്ധതികൾക്ക് ഗ്രാമ പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കി | 3-8 | |
| 23 | വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-9 | |

| | | | |
|---|---|---|---|
| 24 | ആശ്രയ പദ്ധതി കാര്യക്ഷമമാക്കേണ്ടതാണ് | 3-10 | |
| 25 | മരാമത്ത് പ്രവൃത്തി -അവലോകനം | 3-11 | |
| 26 | പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികൾക്ക് പണം നൽകിയിട്ടില്ല | 3-12 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 28 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 30 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 31 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 37 | Audit Certificate | 2 | |
| 38 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 39 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 40 | ബാലൻസ് ഷീറ്റ് | 5 | |



# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 29-06-2016 ലെ 1 -ാം നമ്പർ തീരുമാനപ്രകാരവും, 2016-17 ലെ പുതുക്കിയ ബജറ്റ് 28-03-2017 ലെ (2)1 -ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 30-06-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2016-17 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക കണക്ക് പ്രകാരം ട്രഷറി (തനതു ഫണ്ട് ) കേരള ഗ്രാമീണ ബാങ്ക് - ഹരിയാലി (2) എന്നീ അക്കൌണ്ടുകളിൽ 31-03-2017 ന് യഥാക്രമം 1339, 1195 രൂപ നീക്കിയിരുപ്പുണ്ട്. ബാങ്ക് പാസ്സ് ബുക്കുകൾ പരിശോധനക്ക് ഹാജരാരാക്കിയില്ല.

2. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം തൻവർഷം 1250 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 60 പ്രകാരം ഓരോ മാസവും 10-ാം തീയ്യതിക്കകം കഴിഞ്ഞ മാസത്തെ രശീത് ആന്റ് പേമെന്റ് പത്രിക വിശദമായി തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കുന്നതിൽ സമയ ക്ലിപ്തത പാലിക്കുന്നില്ല.

5. മുഴുവൻ സ്ഥാവര ജംഗമ ആസ്തികളുടെയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. വസ്തുനികുതി ഡിമാന്റ് , കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.

7. പഞ്ചായത്തിന് പിരിഞ്ഞുകിട്ടാനുള്ളതിൽ സംശയാസ്പദമായ തുകകൾക്ക് പ്രൊവിഷൻ നൽകിയിട്ടില്ല.

8. മുൻ വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ സൂചിപ്പിച്ച മുഴുവൻ അപാകതകളും പരിഹരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| വർഷം | 2016-17 |
| മുന്നിരിപ്പ് | 6106771 |
| വരവ് | 30537014 |
| ആകെ | 36643785 |
| ചെലവ് | 29352894 |
| നീക്കിയിരുപ്പ് | 7290891 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായത് | ചെലവ് ശതമാനം | നീക്കയിരിപ്പ് 40(b) പ്രകാരം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 7371621 | 7371621 | 6331419 | 1040202 | 85.8 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3333141 | 3333141 | 1422000 | 1911141 | 42.6 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 5604 | 5604 | 0 | 5604 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10478895 | 10478895 | 1508322 | 8970573 | 14.3 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2554755 | 2554755 | 1243071 | 1311684 | 48.6 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4134663 | 4134663 | 4004929 | 129734 | 96.8 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1595939 | 1595939 | 0 | 1595939 | 0 | |
| MGNREGS | 2010 | 15400919 | 15402929 | 15345514 | 0 | 89 | 57415 |
| ബി ഫണ്ട് | 0 | 1184960 | 1184960 | 1184960 | 0 | 100 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 238 | 55330531 | 72 | 18832346 | 16 | 150 | 30.3 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം

പഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധന ഉണ്ടായിട്ടുണ്ട്.

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2491955 | 3818219 | 1326264 | 53.2 |
| നികുതിയേതര വരവുകൾ | 376567 | 483468 | 106901 | 28.3 |
| മറ്റുവരവുകൾ | 62162 | 96252 | 34090 | 54.8 |
| ആകെ | 2930684 | 4397939 | 1467255 | 33.4 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-17 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽ രഹിത വേതനം | 804960 | 918 |
| കർഷകതൊഴിലാളി പെൻഷൻ | 5009160 | 593 |
| വിധവാപെൻഷൻ | 7221760 | 727 |
| വാർദ്ധക്യകാല പെൻഷൻ | 10256080 | 935 |
| വികലാംഗ പെൻഷൻ | 2426275 | 267 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 187160 | 17 |
| വിവാഹ ധനസഹായം | 360000 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-08-2017ന് സ്ഥാപന തലവന്റെ /ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 4922 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സർക്കാർ ഉത്തരവ് 177/2006 ഫിൻ തീയ്യതി 12.04.2006 പ്രകാരം നിർവ്വഹണോദ്യോഗസ്ഥർ TR 7A കാഷ് ബുക്കിൽ ഡിപ്പാർട്ടുമെന്റ് ഫണ്ടിന്റെയും , തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റേയും വരവ് ചെലവ് രേഖപ്പെടുത്തണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണം. കൂടാതെ സെക്രട്ടറിയും, നിർവ്വഹണ ഉദ്യോഗസ്ഥരും അനുബന്ധം ബി-IV-ൽ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ടി.ആർ.7 എ ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല. ഹെഡ്മിസ്ട്രസ്സ് പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര്, കാലയളവ്, മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇൻകൂമ്പൻസി രജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ല.

വസ്തു നികുതി, ഡിമാന്റ് , അരിയർ ഡിമാന്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08-06-2017 | 01/2017 | 02-08-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12-08-2010 മുതൽ 28-08-2010 വരെ | 2005-04 to 2009-10 | 28-09-2010 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് - പഞ്ചായത്തിന് വരുമാന നഷ്ടം

I വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർധനവ് ഡിമാന്റ് ചെയ്തില്ല

2016-17 വർഷത്തിൽ കെട്ടിട നമ്പർ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച ചുവടെ ചേർക്കുന്ന അപേക്ഷകനിൽ നിന്ന് വസ്തു നികുതി അസസ്സ് ചെയ്യുപ്പോൾ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് കണക്കിലെടുക്കാത്തത് കാരണം 2016-17 വർഷം മുതൽ വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

കെട്ടിട ഉടമയുടെ പേര് : ശ്രീ. അഹമ്മദ് കബീർ. എം.വി, മാപ്പിള വീട്ടിൽ, വലിയകുന്ന്, കുനിയിൽ.

കെട്ടിടത്തിന്റെ തരം : വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടം

അടിസ്ഥാന വസ്തു നികുതി : @ 30 രൂപ

കെട്ടിടത്തിന് അനുവദിച്ച നമ്പർ : 9/412 C റസീറ്റ് നമ്പർ : 11606100161/15-04-2016

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, കീഴുപറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 19-12-2011 ലെ എ.3-2603/11 നമ്പർ വസ്തു നികുതി പരിഷ്കരണ അന്തിമ വിജ്ഞാപനം എന്നിവ പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യമുള്ള കെട്ടിടത്തിന് അടിസ്ഥാന വസ്തു നികുതിയുടെ 20% നികുതി വർദ്ധനവ് വരുത്തേണ്ടതാണ്. കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീറ്റഡ് സൈറ്റ് പ്ലാൻ പ്രകാരം കെട്ടിടത്തിന് 6 മീറ്റർ വീതിയുള്ള വഴി സൗകര്യമുള്ളതായി കാണുന്നു. (വലിയകുന്ന് ജം. - പറക്കാട് റോഡ്) വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് കണക്കിലെടുക്കാത്തത് കാരണം പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

തറ വിസ്തീർണ്ണം : തറ നില – 16.49 m2, അടിസ്ഥാന വസ്തു നികുതി നിരക്ക് : 30 രൂപ

| ഫ്ലോർ | ഈടാക്കേണ്ടത് | | ഈടാക്കിയത് | | കുറവ് | |
|---|---|---|---|---|---|---|
| | വസ്തു നികുതി | ലൈബ്രറി സെസ്സ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | വസ്തു നികുതി | ലൈബ്രറി സെസ്സ് |
| തറ നില | 594 | 30 | 495 | 25 | 99 | 5 |

II തറ വിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തു നികുതി ഡിമാന്റ് ചെയ്തില്ല

കെട്ടിട നിർമ്മാണം പൂർത്തീകരിച്ച്, കെട്ടിട നമ്പർ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച ചുവടെ ചേർക്കുന്ന അപേക്ഷകനിൽ നിന്ന് തറ വിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തു നികുതി ഡിമാന്റ് ചെയ്തതിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

അപേക്ഷകന്റെ പേര് : ആങ്ങാടൻ പാത്തുമ്മ, കുനിയിൽ, കീഴുപറമ്പ് (പി.ഒ)

കെട്ടിടത്തിന്റെ തരം : വാസഗൃഹം

അടിസ്ഥാന വസ്തു നികുതി : @ 3 രൂപ

കെട്ടിടത്തിന് അനുവദിച്ച നമ്പർ : 10/320 A റസീറ്റ് നമ്പർ : 11606100930/22-06-2016

തറ വിസ്തീർണ്ണം : 82.96 m2 (ഇളവ്, വർധനവ് ഇല്ല)

നിർണ്ണയിക്കേണ്ട വസ്തു നികുതി : 249 രൂപ, ലൈബ്രറി സെസ്സ് : 13 രൂപ, ആകെ 262 രൂപ

നിർണ്ണയിച്ച വസ്തു നികുതി : 234 രൂപ, ലൈബ്രറി സെസ്സ് : 12 രൂപ, ആകെ 246 രൂപ

07-06-2016 ന് കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീഷൻ പ്ലാനിലും, ഓവർസീയറുടെ 13-06-2016 ലെ പരിശോധന റിപ്പോർട്ടിലും, തറ വിസ്തീർണ്ണം 82.96 m2 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സെക്ഷൻ ക്ലാർക്ക് വസ്തു നികുതി നിർണ്ണയിച്ചപ്പോൾ 77.71 m2 എന്നാണ് രേഖപ്പെടുത്തിയത്. ആയതിനാൽ വസ്തു നികുതി ഇനത്തിൽ 15 രൂപയും, ലൈബ്രറി സെസ്സ് ഇനത്തിൽ 1 രൂപയും കുറവായാണ് നികുതി അസസ്സ് ചെയ്തത്.

ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നമ്പർ : 5/16-08-2017, 8/17-08-2017) മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി പുനർ നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈ ഇനത്തിൽ ഈടാക്കാനവശേഷിക്കുന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 തറ വിസ്തീർണ്ണത്തിന് ആനുപാതികമായി പെർമിറ്റ് ഫീ ഈടാക്കിയില്ല - പഞ്ചായത്തിന് 812 രൂപ നഷ്ടം

2011 ലെ കേരള പഞ്ചായത്തീരാജ് കെട്ടിട നിർമ്മാണചട്ടങ്ങൾ, ചട്ടം 11(3) പ്രകാരം കാറ്റഗറി II വില്ലേജ് പഞ്ചായത്തുകളിൽ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വാസഗൃഹങ്ങൾക്ക് (Group A1 Occupancy) മീറ്റർ സ്ക്വയറിന് 3 രൂപയും, വാസഗൃഹങ്ങളല്ലാത്ത നിർമ്മാണങ്ങൾക്ക് (other than Group A1 Occupancy) മീറ്റർ സ്ക്വയറിന് 5 രൂപയും പെർമിറ്റ് ഫീ ഈടാക്കേണ്ടതാണ്. ചട്ടം 137(4) പ്രകാരം ക്രമവൽക്കരണത്തിനുള്ള കോമ്പൗണ്ടിംഗ് ഫീ പെർമിറ്റ് ഫീയുടെ ഇരട്ടിയായി നിജപ്പെടുത്തിയിട്ടുണ്ട്. 2016-17 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് ക്രമവൽക്കരണത്തിനായി അപേക്ഷ സമർപ്പിച്ചവരിൽ ചുവടെ ചേർക്കുന്നവരിൽ നിന്ന് തറ വിസ്തീർണ്ണത്തിന് ആനുപാതികമായി പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമവൽക്കരണ നിർമ്മാണ രജിസ്റ്ററിലെ ക്രമ നമ്പർ/ ക്രമവൽക്കരണം ഉത്തരവ് നമ്പർ | അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ തരം (പെർമിറ്റ് ആവശ്യകത) | തറ വിസ്തീർണ്ണം | ഈടാക്കേണ്ട പെർമിറ്റ് ഫീ | ഈടാക്കിയ പെർമിറ്റ് ഫീ | കുറവ് | റസീറ്റ് നമ്പർ/തിയ്യതി |
|---|---|---|---|---|---|---|---|
| 16, A5/1903/16 dt: 01-06-16 | ചിറയിമ്മൽ നെച്ചിക്കാട്ട് മുസ്തഫ, പഴംപറമ്പ് | വാസഗൃഹം (ക്രമവൽക്കരണം) | 131.67 m2 | 790 | 395 | 395 | 11606100596/ 01-06-2016 |
| 17, A5/1921/16 dt: 30-07-16 | മനോജ് കുമാർ. എൻ & സവിത, കുറ്റൂളി | വാണിജ്യം (ക്രമവൽക്കരണം) | 37.39 m2 | 374 | 187 | 187 | 11606101325/ 30-07-2016 |
| 22, A5/2415/16 dt: 18-06-16 | മുസ്ലിയാരകത്ത് അബ്ദുൽ അസീസ് & | വാസഗൃഹം (ക്രമവൽക്കരണം) | 92.91 m2 | 558 | 358 | 200 | 11606100880/ 18-06-2016 |

| | | | | | | | |
|---|---|---|---|---|---|---|---|
| | റംല, കീഴ്പറമ്പ് | | | | | | |
| 23, A5/2552/16 dt: 22-06-16 | ആങ്ങാടൻ പാത്തുമ്മ, കുനിയിൽ | വാസഗൃഹം (ക്രമവൽക്കരണം) | 82.96 m2 | 498 | 468 | 30 | 11606100929/ 22-06-2016 |
| ആകെ | | | | | | 812 | |

പെർമിറ്റ് ഫീ ഇനത്തിൽ ഈടാക്കാൻ കുറവു വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തു നികുതി - 223417 രൂപ കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു

പഞ്ചായത്തിൽ നിന്ന് ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ഗ്രാമ പഞ്ചായത്ത് പരിധിയിലെ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ ഉടമസ്ഥരിൽ നിന്ന് വസ്തു നികുതി ഇനത്തിൽ വൻ തുക കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ടവറിന്റെ പേര് / ഉടമയുടെ പേര് | വാർഡ്/കെട്ടിട നമ്പർ | വാർഷിക വസ്തു നികുതി | | ഡിമാന്റ് ചെയ്യത വർഷം | നികുതി ഈടാക്കാനവശേഷിക്കുന്ന വർഷം | കുടിശ്ശിക രൂപ |
|---|---|---|---|---|---|---|
| | | വസ്തു നികുതി | ലൈബ്രറി സെസ്സ് | | | |
| ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, പാലാരിവട്ടം | 12/359 A | 27500 | 1375 | 2010-11 | 2016-17 | 28875 |
| സബ് ഡിവിഷണൽ എഞ്ചിനീയർ, ടെലഫോൺ എക്സ്ചേഞ്ച്, BSNL, മഞ്ചേരി | 10/81 A | 9918 | 496 | 2014-14 | 2015-16 മുതൽ 2016-17 വരെ | 20828 |
| സബ് ഡിവിഷണൽ എഞ്ചിനീയർ, BSNL | 7/396 | 12590 | 630 | 2008-09 | 2013-14 മുതൽ 2016-17 വരെ | 52880 |
| വയർലെസ് ഇൻഫോ സർവീസ് | 7/274 A | 25080 | 1254 | 2008-09 | 2016-17 | 26334 |
| വോഡഫോൺ | 4/262 A | 22500 | 1125 | 2010-11 | 2013-14 മുതൽ 2016-17 വരെ | 94500 |

| | | | | | | |
|---|---|---|---|---|---|---|
| എസ്സാർ സെല്ലുലാർ സർവീസ് ലിമിറ്റഡ് | | | | | | |
| ആകെ കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നത് | | | | | | 223417 |

മൊബൈൽ ടവറുകളുടെ വസ്തു നികുതി കൃത്യമായി ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും, കുടിശ്ശിക തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. തുടർ വർഷങ്ങളിൽ നികുതി കൃത്യമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വൗച്ചറുകളുടെ കൂടെ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല

സെക്രട്ടറിയുടെ ഏതാനും വൗച്ചറുകളുടെ കൂടെ അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ /ബിൽ നമ്പർ/ തീയതി | തുക | ചെലവിനം | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| 1 | 21600851/ 30-03-17 | 85,000 | അംഗൻവാടികൾ, സ്കൂളുകൾ എന്നിവക്ക് വാട്ടർ കണക്ഷൻ ലഭിക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തത്.(പ്രോജക്റ്റ് നമ്പർ - 325/17) | തുക കൈപ്പറ്റിയ വിവരം, വിനിയോഗ സാക്ഷ്യപത്രം, കരാറുടമ്പടി എന്നിവ |
| 2 | 21600899/ 31-03-17 | 81,287 | പള്ളിക്കുന്ന് ഹൈസ്കൂൾ റോഡിൽ നിന്നും HT,LT ലൈനുകൾ മാറ്റുന്നതിന് KSEB -യിൽ ഡെപ്പോസിറ്റ് ചെയ്തത്.(പ്രോജക്റ്റ് നമ്പർ - 287/17) | -ടി- |
| 3 | 21600717/ 03-03-17 | 2,00,000 | IAY വിഹിതം അടവാക്കൽ (പ്രോജക്റ്റ് നമ്പർ - 183/17) | തുക കൈപ്പറ്റിയ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ |
| 4 | 21600944/ 31-03-17 | 1,50,000 | മാളികതടായി കോളനി പൈപ്പ് ലൈൻ നീട്ടൽ (പ്രോജക്റ്റ് നമ്പർ - 332/17) | തുക കൈപ്പറ്റിയ വിവരം, വിനിയോഗ സാക്ഷ്യപത്രം, കരാറുടമ്പടി എന്നിവ |
| 5 | 28/16-17/ 14-03-17 | 32,340 | IKM പ്രവർത്തന ഫണ്ട് (പ്രോജക്റ്റ് നമ്പർ - 180/17) | തുക കൈപ്പറ്റിയ വിവരം, വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| | | | | എന്നിവ |
| 6 | 21600715/<br>03-03-17 | 35,000 | SSA വിഹിതം അടവാക്കൽ SSA (പ്രോജക്റ്റ് നമ്പർ - 187/17) | -ടി- |
| 7 | 29/16-17/<br>14-03-17 | 2,00,000 | DPC ബിൽഡിംഗിന് വിഹിതം (പ്രോജക്റ്റ് നമ്പർ - 321/17) | -ടി- |

ആകെ - 783627

മേൽ പറഞ്ഞ രേഖകൾ ഓഡിറ്റിനായി ഹാജരാക്കാനാവശ്യപ്പെട്ട് 19-08-17 - ന് നൽകിയ 11 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചെലവ് തുക 7,83,627 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-2 തെരുവു നായ നിയന്ത്രണ പദ്ധതി- വിനിയോഗ വിവരം ലഭ്യമല്ല

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ തെരുവ് നായ്ക്കളുടെ നിയന്ത്രണം (പ്രോജക്റ്റ് നമ്പർ 239/17) –ന്റെ ഭാഗമായി 03-03-17 -ലെ 0424369 നമ്പർ ചെക്ക് പ്രകാരം തനതു ഫണ്ടിൽ നിന്നും 1,00,000 രൂപ പിൻവലിച്ച്, മലപ്പുറം മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയരക്ടരുടെ പേരിൽ ഡി.ഡി എടുത്ത് നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 24-1-17ലെ പി4-3632/16 നമ്പർ കത്തിലെ നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയിട്ടുള്ളത്. 02-06-17 -ലെ രസീത് പ്രകാരം ഈ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യ പത്രം പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കാനാവശ്യപ്പെട്ട് 14-08-2017 - ന് നൽകിയ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പദ്ധതിയുടെ തുക വിനിയോഗ സാക്ഷ്യപത്രം പ്രോജക്റ്റ് തീരുന്ന മുറക്ക് മാത്രമേ ലഭ്യമാവുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 1,00,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-3 മരുന്നുകൾ മുഴുവനായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) 2016-17 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

I. S00186/16-17, പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ

ബിൽ നമ്പർ/തിയ്യതി: 15/16-17 തി. 31-03-2017

തുക: 200,000 രൂപ (കെ.എം.എസ്.സി.എൽ, തിരുവനന്തപുരം)

| ലഭ്യമായ മരുന്നുകൾ | | ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|
| ഇൻവോയ്സ് നമ്പർ/തിയ്യതി | തുക | |
| PRF No.4161/08-05-2017 | 94805 | |
| ആകെ | 94805 | 105195 |

II. S00181/16-17, പരിരക്ഷ, മരുന്ന് വാങ്ങൽ

ബിൽ നമ്പർ/തിയ്യതി: 14/16-17 തി. 31-03-2017

തുക: 144,000 രൂപ (കെ.എം.എസ്.സി.എൽ, തിരുനന്തപുരം)

മേൽ തുകക്കുള്ള മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല.

ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈയിനത്തിലെ മൊത്തം ചെലവ് 249195/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-4 ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്കെതിരെ തുടർ നടപടി സ്വീകരിക്കുന്നില്ല

2010-11-ൽ നിർവ്വഹണം ആരംഭിച്ച ഭവന നിർമ്മാണ പ്രോജക്റ്റിലെ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിത് വരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ടിയാളുകൾ കൈപ്പറ്റിയ ധനസഹായ തുക പലിശ സഹിതം തിരികെ അടവാക്കാൻ നോട്ടീസ് നൽകി ഏകദേശം ഒരു വർഷമായിട്ടും തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ധനസഹായം | | റിമാർക്സ് |
|---|---|---|---|---|
| | | ഡി.ഡി നമ്പർ/ തീയതി | തുക | |
| 1 | ശ്രീ.സുധാഹർഷൻ.പി ഓറിയന്റ് ക്വാർട്ടേഴ്സ്, കനിയിൽ | 104268/06-05-2010 | 22,500 | നാളിത് വരെ കൈപ്പറ്റിയ 52,500 രൂപ 12% പലിശ സഹിതം 31-08-2016 -നകം തിരികെ അടവാക്കാൻ നിർദ്ദേശിച്ച് 28-07-16 – ന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| | | 385162/20-07-10 | 30,000 | |
| | | ആകെ | 52,500 | |
| 2 | ശ്രീമതി.ആമിന, നീരുട്ടിച്ചാലിൽ, മേലാപറമ്പ് | ലഭ്യമല്ല | 22,500 | നാളിത് വരെ കൈപ്പറ്റിയ 1,80,000 രൂപ 12% പലിശ സഹിതം 31-08-2016 -നകം തിരികെ അടവാക്കാൻ നിർദ്ദേശിച്ച് 28-07-16 – ന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| | | 009953/11-04-12 | 30,000 | |
| | | 689751/15-02-13 | 50,000 | |
| | | 594059/30-03-13 | 37,500 | |
| | | ആകെ | 1,80,000 | |
| 3 | ശ്രീ.മുഹമ്മദ് കാരങ്ങാടൻ, അരുക്കുഴിക്കാട് | 009960/11-04-12 | 22,500 | നാളിത് വരെ കൈപ്പറ്റിയ 22,500 രൂപ 12% പലിശ സഹിതം 31-08-2016 -നകം തിരികെ അടവാക്കാൻ നിർദ്ദേശിച്ച് 28-07-16 – ന് നോട്ടീസ് നൽകിയിട്ടുണ്ട് |
| | | ആകെ | 22,500 | |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം തുടർന്ന് പൂർത്തീകരിക്കുകയോ കൈപ്പറ്റിയ തുക തിരികെ അടവാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അക്കാര്യം ഓഡിറ്റിനെ അറിയിക്കാനും, ഈ വിഷയത്തിൽ യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടില്ലെങ്കിൽ വിശദീകരണം നൽകാനുമാവശ്യപ്പെട്ട് 19-08-2017 – ന് നൽകിയ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ശ്രീ.സുധാഹർഷൻ എന്ന ഗുണഭോക്താവിന് നിലവിലെ സാഹചര്യത്തിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാനോ കൈപ്പറ്റിയ ധനസഹായം തിരികെ അടവാക്കാനോ സാധിക്കാത്തതിനാൽ LIFE മിഷൻ പ്രകാരം പൂർത്തീകരിക്കാത്ത ഭവനങ്ങൾക്ക് അധിക ധനസഹായം നൽകുന്നതിന്റെ ലിസ്റ്റിൽ ടിയാനെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അത് പോലെ ശ്രീമതി.ആമിനയുടെ ഭവന നിർമ്മാണം ഏകദേശം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറക്ക് അവശേഷിക്കുന്ന തുക കൂടി നൽകുന്നതാണെന്നും മറുപടിയിൽ കാണിച്ചിട്ടുണ്ട്. എന്നാൽ ശ്രീ.മുഹമ്മദ് കാരങ്ങാടൻ എന്ന ഗുണഭോക്താവിന്റെ പേരിൽ റവന്യൂ റിക്കവറി നടപടികൾ തുടരുമെന്നാണ് അറിയിച്ചിരിക്കുന്നത്.
ഈ വിഷയങ്ങളിൽ തുടർനടപടികൾ പൂർത്തീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 3-5 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടും ഗുണഭോക്താക്കൾക്ക് അർഹമായധനസഹായം നൽകുന്നില്ല

2014-15, 15-16 വർഷങ്ങളിൽ ഭവന നിർമ്മാണം ആരംഭിച്ച് 31-03-2017 – നകം നിർമ്മാണം പൂർത്തീകരിച്ച ഏതാനും ഗുണഭോക്താക്കൾക്ക് താഴെ പറയും വിധം അവശേഷിക്കുന്ന ധന സഹായം നൽകിയിട്ടില്ല.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | കൊടുക്കാനവശേഷിക്കുന്ന ധനസഹായം |
|---|---|---|
| 2014-15 | 9 | 2,84,000 |
| 2015-16 | 17 | 10,75,000 |
| ആകെ | | 13,59,000 |

ഇപ്രകാരം 13,59,000/- രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് 19-08-17 – ന് നൽകിയ 12 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ മറുപടി നൽകിയിട്ടില്ല.

## 3-6 പത്രം വിതരണം -രേഖകൾ ലഭ്യമല്ല

പഞ്ചായത്തിലെ വിവിധ വായനശാലകൾ , തുടർ വിദ്യാകേന്ദ്രം , പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ പത്രം വിതരണം ചെയ്തതിന് 32700 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പത്രം വിതരണം ചെയ്യുന്ന വായനശാലകൾ , വിതരണം ചെയ്യേണ്ട കാലയളവ്, വിതരണം ചെയ്യേണ്ട പത്രം എന്നിവ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായില്ല.

പഞ്ചായത്തിൽ നിന്ന് പത്രം വിതരണം ചെയ്യുന്ന വായനശാലകളുടെ പേര് , പത്രം വിതരണം ചെയ്യുന്ന കാലയളവ്, വിതരണം ചെയ്യേണ്ട പത്രം എന്നിവ പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കേണ്ടതും പത്രം വിതരണം ചെയ്യുന്നതിന് പൊതു മാനദണ്ഡം നിശ്ചയിച്ച് അക്കാര്യം പരസ്യപ്പെടുത്തി അതിനനുസരിച്ച് അപേക്ഷ സ്വീകരിച്ച് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കേണ്ടതുമാണ്. പത്രം നൽകുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തി മാത്രം തുടർന്ന് ആനുകൂല്യം നൽകേണ്ടതുമാണ്.

## 3-7 ക്ഷീര സഹകരണ സംഘങ്ങൾ രൂപീകരിക്കാത്തതിനാൽ ക്ഷീരകർഷകർക്ക് അർഹമായ സബ്സിഡി ലഭിക്കുന്നില്ല

11-01-2016- ലെ സർക്കാർ ഉത്തരവ് (എം.എസ്)4/2016/ത.സ്വ.ഭ.വ പ്രകാരം പാലിന് സബ്സിഡി ക്ഷീര സംഘങ്ങൾ മുഖേനയാണ് വിതരണം ചെയ്യേണ്ടത്. ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 3 രൂപ തോതിൽ കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകേണ്ടതും ക്ഷീര സംഘങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിലും പാൽ ശേഖരിക്കാൻ സംവിധാനമില്ലാത്ത സ്ഥലങ്ങളിലും അത് ഉണ്ടാക്കുന്നതിന് വേണ്ട ഇടപെടലുകൾ ഗ്രാമ പഞ്ചായത്തുകൾ ചെയ്യേണ്ടതുമാണ് എന്ന് ഉത്തരവിൽ പറയുന്നുണ്ട്.

2016-17 -ൽ ക്ഷീര കർഷകർക്ക് കാലിതീറ്റ വിതരണം ചെയ്യുന്നതിനായി വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകളുടെ ചെലവ് വിവരം താഴെ കൊടുക്കുന്നു.

| പ്രോജകറ്റ് നമ്പർ/ പേര് | ചെലവ് വിവരം | | റിമാർക്സ് |
|---|---|---|---|
| | ബിൽ നമ്പർ/ തീയതി | തുക | |
| S0156/17<br>ക്ഷീര കർഷകർക്ക് കാലിതീറ്റ വിതരണം (വനിത) | 7/16-17/ 31-03-17 | 1,50,000<br>(ധന കാര്യ കമ്മീഷൻ ഗ്രാന്റ്) | കേരള ഫീഡ്സിന്റെ 03-03-17 ലെ KFLPL 16-17/040651 നമ്പർ ഇൻവോയ്സ് പ്രകാരം 7.5 M.T കാലിത്തീറ്റ വാങ്ങി ഓരോ ഗുണഭോക്താക്കൾക്കും 75 കിലോ വീതം വിതരണം ചെയ്തു. |
| -ടി- | ചെക്ക് നമ്പർ 0424387/ 30-03-17 | 46,300<br>(തനത് ഫണ്ട്) | കേരള ഫീഡ്സിന്റെ 28-03-17 ലെ KFLPL 16-17/044005 നമ്പർ ഇൻവോയ്സ് പ്രകാരം 2.25 M.T കാലിത്തീറ്റ വാങ്ങി ഓരോ ഗുണഭോക്താക്കൾക്കും 75 കിലോ വീതം വിതരണം ചെയ്തു. |
| S0161/17<br>ക്ഷീര കർഷകർക്ക് കാലിതീറ്റ വിതരണം (വനിത) | 2/16-17/ 17-11-16 | 2,11,140<br>(ധന കാര്യ കമ്മീഷൻ ഗ്രാന്റ്) | കേരള ഫീഡ്സിന്റെ 03-03-16 ലെ KFLPL 15-16/0047548 നമ്പർ ഇൻവോയ്സ് പ്രകാരം 20.7 M.T കാലിത്തീറ്റ വാങ്ങി ഓരോ ഗുണഭോക്താക്കൾക്കും150 കിലോ വീതം വിതരണം ചെയ്തു. |
| ആകെ | | 4,07,440 | |

30-06-16 -ലെ സർക്കാർ ഉത്തരവ് (എം.എസ്) 2037/2016/ത.സ്വ.ഭ.വ പ്രകാരം മിൽമയുടെ സഹകരണ സംഘത്തിൽ പാൽ നൽകുന്ന കർഷകർക്ക് പാൽ ഉൽപാദനത്തിന് ആനുപാതികമായി നൽകുന്ന സബ്സിഡി തുകയുടെ പരിധി 20,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇൻഷ്വർ ചെയ്ത പശുക്കളുള്ള മറ്റ് ക്ഷീര കർഷകർക്ക് പാൽ ഉൽപാദനത്തിന് ആനുപാതികമായി മൃഗ സംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 10,000/- രൂപ വരെ മാത്രമേ സബ്സിഡി നൽകാവൂ.

ഗ്രാമ പഞ്ചായത്തിൽ ക്ഷീര സഹകരണ സംഘങ്ങൾ ഇല്ലാത്തതിനാൽ മേൽ പ്രോജക്ടുകളിലെ ക്ഷീര കർഷകർക്ക് 20,000 രൂപ വരെ കാലിതീറ്റ സബ്സിഡിയിനത്തിൽ ലഭിക്കാൻ അർഹതയുണ്ടായിട്ടും 10,000/- രൂപ വരെയുള്ള കാലിതീറ്റയേ നൽകിയിട്ടുള്ളൂ. അത് പോലെ സബ്സിഡി തുക അക്കൗണ്ടിലേക്ക് നൽകാതെ കാലിതീറ്റ വാങ്ങി ഗുണഭോക്താക്കൾക്ക് നേരിട്ട് വിതരണം ചെയ്ത നടപടി സുതാര്യവും ക്രമപ്രകാരവുമല്ല. സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചത് പ്രകാരം ക്ഷീര സംഘങ്ങൾ രൂപീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 കുടിവെള്ള പദ്ധതികൾക്ക് ഗ്രാമ പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കി

പഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2016-17 വർഷത്തിൽ ₹ 53180 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം താഴെ നൽകുന്നു.

| പദ്ധതി | ചെലവഴിച്ചതുക |
|---|---|
| പറക്കാട് കുടിവെള്ള പദ്ധതി. | 4032 |
| ചെലേരിക്കുന്ന് കുടിവെള്ള പദ്ധതി | 16878 |
| തടപ്പറമ്പ് കുടിവെള്ള പദ്ധതി | 28938 |
| മിട്ടുക്കപ്പാറ കുടിവെള്ള പദ്ധതി | 3332 |
| ആകെ | 53180 |

കുടിവെള്ള പദ്ധതികൾ നിർവഹണം പൂർത്തിയായാൽ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതാണെന്നും തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതി ചെയ്യേണ്ടതുമാണ് എന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമായി നിർദേശിക്കുന്നുണ്ട്.

സർക്കാർ ഉത്തരവ് പാലിക്കാതെ വൈദ്യുതി ചാർജ്ജ് അടവാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-9 വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല

പഞ്ചായത്തിലെ തെരുവ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 37625 രൂപ വീതം ഗ്രാമ പഞ്ചായത്ത് അടവാക്കിവരുന്നുണ്ട്.

ടാപ്പുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിന് 29.08.2008 ന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് പണം അടവാക്കുന്നത്. ഒമ്പത് വർഷം മുമ്പ് നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ ആണ് ഇപ്പോഴും പണം നൽകുന്നത് . ടാപ്പുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമാണ് വെള്ളക്കരം അടക്കുന്നത് എന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

## 3-10 ആശ്രയ പദ്ധതി കാര്യക്ഷമമാക്കേണ്ടതാണ്

കീഴപറമ്പ് ഗ്രാമ പഞ്ചായത്തിൽ ആശ്രയ രണ്ടാം ഘട്ട പദ്ധതി നടപ്പിലാക്കുന്നതിനായി അനുവദിച്ച തുക പദ്ധതി കാലാവധിക്ക് മുമ്പ് പൂർണ്ണമായി വിനിയോഗിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ 22-03-17 -ലെ 899/A3/15/KSMPM നമ്പർ കത്ത് പ്രകാരം ഡി.പി.ആറിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് അതാത് ഘടകങ്ങൾക്ക് നിലവിലുള്ള ഉത്തരവുകൾക്കും ആശ്രയ മാർഗ്ഗരേഖക്കും വിധേയമായി ഒരു വർഷത്തേക്ക് കൂടി കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിന്നും ആശ്രയയുടെ നാളിത് വരെയുള്ള വരവ്- ചെലവ്- നീക്കിയിരുപ്പ് വിവരം താഴെ കൊടുക്കുന്നു.

| സ്രോതസ്സ് | വകയിരുത്തിയ തുക | വരവ് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| ചലഞ്ച് ഫണ്ട് | 9,99,200 | 3,69,333 | 2,47,407 | 1,21,926 |
| പ്ലാൻ ഫണ്ട് | 33,50,000 | 9,50,000 | 6,70,000 | 2,80,000 |
| പലിശ വരവ് | - | 49,061 | - | 49,061 |
| ആശ്രയ ഒന്നാം ഘട്ടം | | | | 93,058 |
| 01-08-17 – ലെ നീക്കിയിരിപ്പ് | | | | 5,44,045 |

ആശ്രയക്ക് വിഹിതം നൽകൽ (പ്രോജക്റ്റ് നമ്പർ - 182/17) – നായി സെക്രട്ടറിയുടെ 03-03-17 -ലെ 21600714 നമ്പർ വൗച്ചർ പ്രകാരം 4,00,000 രൂപ കൈമാറിയിട്ടുണ്ട്. രണ്ടാം ഘട്ട പദ്ധതിയിൽ ഭവന നിർമ്മാണത്തിന് 2 ഗുണഭോക്താക്കൾക്കായി 5,00,000 രൂപയും (2,50,00 x 2 ) സ്ഥലം വാങ്ങുന്നതിനായി ഒരു ഗുണഭോക്താവിന് 1,50,000 രൂപയും ഭവന റിപ്പയറിനായി 20,000 രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. വർദ്ധിപ്പിച്ച നൽകിയ കാലയളവിനുള്ളിൽ തന്നെ അവശേഷിക്കുന്ന മുഴുവൻ തുകയും ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 മരാമത്ത് പ്രവൃത്തി -അവലോകനം

2016-17 ൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി അടങ്കലിന്റെ 46.2ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വകയിരുത്തിയത്. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ ₹ 25544705 അടങ്കലിൽ 162 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി. ഇതിൽ 71 പ്രൊജക്ടുകൾ മാത്രമാണ് തൻവർഷത്തിൽ നടപ്പാക്കിയിട്ടുള്ളത്. ഇതിൽതന്നെ 23 പ്രൊജക്ടുകളുടെ പണം ₹ 2137388 മാത്രമെ തൻവർഷം ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. 48 പ്രൊജക്ടുകളുടെ തുക ₹ 7297289 ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തി അടുത്ത വർഷത്തിലാണ് ചെലവഴിച്ചിട്ടുള്ളത്. സംരക്ഷണ ഗ്രാന്റ് റോഡിനത്തിൽ 10478895/- രൂപയിൽ 1508322/- രൂപ മാത്രമാണ് (14.3%) ചെലവഴിച്ചത്. പെർഫോർമൻസ് ഗ്രാന്റ് (1595939/-) ഒന്നും ചെലവഴിക്കാതെ തുക ലാപ്സാകുകയും ചെയ്തു.

എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതും അനുവദിക്കപ്പെട്ട എണ്ണം ജീവനക്കാരെ ലഭ്യമല്ലാത്തതും മരാമത്ത് പ്രവൃത്തി നടത്തിപ്പിന്റെ മേൽനോട്ടം അസാദ്ധ്യമാക്കുന്നുണ്ട്. എഞ്ചിനിയറിംഗ് വിഭാഗം ജീവനക്കാരുടെ സാന്നിദ്ധ്യത്തിലാണ് മരാമത്ത് പ്രവൃത്തി നടത്തേണ്ടത് എങ്കിലും പ്രവൃത്തികളുടെ ആധിക്യം മൂലവും ജീവനക്കാരുടെ കുറവ് മൂലവും ഇത് പലപ്പോഴും സാധിക്കുന്നില്ല. ഇക്കാരണത്താൽ തന്നെ മരാമത്ത് പ്രവൃത്തികൾ നിശ്ചിത ഗുണനിലവാരത്തിൽ നടത്തുന്നുണ്ട് എന്ന് ഉറപ്പ് വരുത്താനും സാധിക്കുന്നില്ല.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

1.റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കിയില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

2.റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവുവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ്

റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറ്റിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങൾ ഒരുക്കി നിർമ്മാണത്തിനും മെയിന്റെനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

3. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല.

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്‌പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്‌പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

4.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പ്രവൃത്തികളിൽ ചെലവുരേഖകൾ ശരിയായി സൂക്ഷിക്കുന്നില്ല. വിവിധ സാധനങ്ങൾക്ക് വാറ്റ് ബില്ല് അല്ല ഭൂരിപക്ഷം സമിതികളും സമർപ്പിച്ചിട്ടുള്ളത്. മെറ്റൽ , മണൽ എന്നിവ വാങ്ങുന്നതിന് യഥാർത്ഥ ബില്ല് ഒരു ഫയലിൽ പോലും കണ്ടെത്താൻ സാധിച്ചില്ല. സാധനങ്ങൾ ലഭ്യമാക്കിയതിന് വിവിധ വാഹന ഡ്രൈവർമാർക്ക് പണം നൽകിയതായ കൈപ്പറ്റ് രസീതി മാത്രമാണ് ലഭ്യമാക്കിയത്. മരാമത്ത് പ്രവൃത്തികളുടെ ചെലവ് അനുവദിക്കുമ്പോൾ ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവുകളുടെ കൃത്യത ബന്ധപ്പെട്ട ബിൽ, മസ്റ്റർറോൾ സഹിതം സൂക്ഷ്മപരിശോധന നടത്തേണ്ടതാണ്.

## 3-12 പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികൾക്ക് പണം നൽകിയിട്ടില്ല

2016-17 സാമ്പത്തിക വർഷം വരെ പൂർത്തീകരിച്ച 30 മരാമത്ത് പ്രവൃത്തികൾക്ക് തനത് ഫണ്ടിൽ നിന്നും വകയിരുത്തിയ 2368693 രൂപ നാളിതുവരെ കരാറുകാർക്ക് നൽകിയിട്ടില്ല. തനത് ഫണ്ടിന്റെ ലഭ്യത ഉറപ്പു വരുത്താതെ പ്രൊജക്ട് തയ്യാറാക്കുകയും, കരാർ ചമക്കുകയും ചെയ്തതിനാലാണ് ഇത്തരം അപാകത സംഭവിച്ചത്.

തനത് ഫണ്ടിന്റെ ലഭ്യത ഉറപ്പു വരുത്താതെ പ്രൊജക്ട് തയ്യാറാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് / നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് അരീക്കോട് | 50000 | 169- പ്രതീക്ഷ പദ്ധതി തുടർച്ച | 0 | 50000 |
| | 200000 | 319- എം.കെ.കെ.എച്ച്.എം യുപി സ്കൂളിന് ടോയ്‌ലറ്റ് നിർമ്മാണം | 0 | 200000 |
| | 200000 | 320- അൽ അൻവാർ യുപി സ്കൂളിന് ടോയ്‌ലറ്റ് നിർമ്മാണം | 0 | 200000 |
| ജില്ലാ പഞ്ചായത്ത്, മലപ്പുറം | 200000 | 114- വാലില്ലാപ്പുഴ അംഗനവാടി നിർമ്മാണം | 0 | 200000 |
| | 693000 | 160- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠന സഹായം | 0 | 693000 |
| | 50000 | 169- പ്രതീക്ഷ പദ്ധതി തുടർച്ച | 0 | 50000 |

ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് – ൽ നിന്നും മേൽ പറഞ്ഞ പ്രകാരം ലഭിച്ച തുക വിനിയോഗിക്കാത്ത നടപടി അതാതു നിർവ്വഹണ ഉദ്യോഗസ്ഥരുടെ വീഴ്ചയായി കാണുന്നു.
ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് തുക പോലും വിതരണം ചെയ്യാതെ ശേഷിക്കുന്നു എന്നത് തികഞ്ഞ നിരുത്തരവാദിത്തമാണ്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഭരണസമിതി ഇതിൻ മേൽ സ്വീകരിച്ച നടപടി വിവരം ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പള്ളിക്കുന്ന് ഹൈസ്കൂൾ റോഡ് ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ചെക്ക് നമ്പർ : 0424396 | 81287 | 81287 | 0 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | അംഗൻവാടി സ്കൂളുകൾക്ക് വാട്ടർ കണക്ഷൻ | ചെക്ക് നമ്പർ : 0424391 | 85000 | 85000 | 0 |
| | മാളികതടായ് കോളനി KWA പൈപ്പ് ലൈൻ നീട്ടൽ | വൗച്ചർ നമ്പർ : 21600944 | 150000 | 150000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2011-12, 2012-13 | 3 (14) | 1232 | ശരീഫ് യു, അസി.എഞ്ചിനീയർ | 11606100410/ 05.05.2016 |
| 2011-12, 2012-13 | 3-12 (2) | 500 | രവീന്ദ്രൻ നായർ | 11606100522/ 23.05.2016 |
| 1992-93, 1993-94 | 8(2) | 2 | പാത്തുമ്മ | 11606101136/ 13.07.2016 |
| 1992-93, 1993-94 | 15(1) | 5 | മുഹമ്മദ് ഹനീഫ | 11606101137/ 13.07.2016 |
| 1992-93, 1993-94 | 27 | 15 | പഞ്ചൻ | 11606101138/ 13.07.2016 |
| 1994-95 | 10 | 54 | സെക്രട്ടറി, കീഴുപറമ്പ് ഗ്രാമ പഞ്ചായത്ത് | 11606101139/ 13.07.2016 |
| 1987-88, 1988-89 | 17(5) | 33 | എം.എം. മുഹമ്മദ് ബഷീർ | 11606101140/ 13.07.2016 |
| 2011-12, 2012-13 | 13(18) | 16000 | മുഹമ്മദ്. സി | 11606104144/ 20.03.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 37,38,39,40,41 | 2002-03 | 37,38,39,40 | 1. തനത് ഫണ്ട് വൗച്ചർ ഹാജരാക്കിയില്ല. തുക.45000 | നടപടികൾ തുടർന്നുവരുന്നു |
| 1999-2000, 2000-01 | 11,14,15,17(1)(2),15(1)(2) | | 11,15 | 2. ഉപാധിരഹിത ഫണ്ട് വിനിയോഗ ക്രമക്കേടുകൾ തുക. 36952 | ,, |

| | | | | | |
|---|---|---|---|---|---|
| | | | | 3. ജനകീയാസൂത്രണം പശു വളർത്തൽ പ്രൊജക്ട് വ്യതിചലനം തുക. 32000 | ,, |
| | | | | 4. തയ്യൽ മെഷീൻ വിതരണം അപാകതകൾ. തുക. 55250 | ,, |
| 1999-2000 | | 2004-05 | | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് തുക. 229340 | ,, |
| 2000-01 | | 2004-05 | | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് തുക. 196967 | ,, |
| 1999-2000 | | 2004-05 | 15 | വൈദ്യുതീകരണം-പോസ്റ്റ് വില 1.17 ലക്ഷം കൺവീനർമാർക്ക് നൽകി | ,, |
| 2012-13 | | 2007-08 to 2009-10 | 3(1) | ലഘു അവലോകനം | ,, |
| 2013-14 | | 2010-11 | 3(5) | ലഘു അവലോകനം | ,, |
| 2015-16 | | | | പട്ടികജാതി പട്ടിക വർഗ പദ്ധതികൾ പ്രവർത്തനാവലോകന റിപ്പോർട്ട് | ,, |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2016-17 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 30537014 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29352894 |
| വരവിനങ്ങളിലുള്ള നഷ്ടം | 926 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1132822 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 114 | | ശ്രീ. എൻ. വി. കുട്ടികൃഷ്ണൻ, സെക്രട്ടറി |
| 2-2 | 812 | | ശ്രീ. പ്രദീപ് കുമാർ. പി, ഹെഡ്ക്ലർക്ക് (ഇൻ ചാർജ്) - 187 |
| | | | ശ്രീ. എൻ. വി. കുട്ടികൃഷ്ണൻ, സെക്രട്ടറി - 625 |
| ആകെ | 926 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 783627 | ശ്രീ. പി.ടി. അബ്ദുൽ സലാം, സെക്രട്ടറി – 467340 |
| | | ശ്രീ. ജി. ചന്ദ്രഹാസൻ, ജെ.എസ്, പി.എ.യു, കൊണ്ടോട്ടി (ഇൻ ചാർജ്) – 316287 |
| 3-2 | 100000 | ഡോ. രജിത, വെറ്ററിനറി സർജൻ |
| 3.3 | 249195 | ഡോ.നസ്റുദ്ധീൻ |
| ആകെ | 1132822 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 2-1 കാണുക

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എൻ. വി. കുട്ടികൃഷ്ണൻ, സെക്രട്ടറി | സെക്രട്ടറി, തിരുവാലി ഗ്രാമപഞ്ചായത്ത് | നെച്ചിപ്പറമ്പിൽ വീട്, ഇടിവണ്ണ. പി.ഒ, പെരുവംപാടം, 679329 |

| | | |
|---|---|---|
| ശ്രീ. പ്രദീപ് കുമാർ. പി, ഹെഡ്ക്ലർക്ക് (ഇൻ ചാർജ്) | അസിസ്റ്റന്റ് സെക്രട്ടറി, മൊഗ്രാൾ പുത്തൂർ ഗ്രാമപഞ്ചായത്ത് | പൊറാട്ടിൽ വീട്, പുല്ലിപ്പറമ്പ്. പി.ഒ, 673639 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1987-88,1988-89 | എൽ.എഫ്.എം.9/592/95 തി : 31-03-1995 | 25 | |
| 1989-90,1991-92 | എൽ.എഫ്.എം.9/862/95 തി : 03-06-1995 | 23 | |
| 1994-95 | എൽ.എഫ്.എം.13/1496/99തി: 19-12-1999 | 8 | |
| 1995-96 | എൽ.എഫ്.എം.13/1025/01 തി: 21-01-2002 | 13 | |
| 1996-97 | എൽ.എഫ്.എം.6/961/13 തി:30.01.2014 | 10 | |
| 1997-98 | എൽ.എഫ്.എം.13/1025/01 തി:21.01.2002 | 13 | |
| 1998-99 | എൽ.എഫ്.എം.6/961/13 തി:30.01.2014 | 25 | |
| 1999-2000 | എൽ.എഫ്.എം.6/961/13 തി:30.01.2014 | 18 | |
| 2000-01 | എൽ.എഫ്.എം.6/961/13 തി:30.01.2014 | 11 | |
| 2001-02 | എൽ.എഫ്.എം.6/961/13 തി:30.01.2014 | 5 | |
| 2002-03 | എൽ.എഫ്.എം.15/99/08 തി:06.12.2008 | 5 | |
| 2003-04 | എൽ.എഫ്.എം.6/961/13 തി:05.01.2014 | 9 | |
| 2004-05 | എൽ.എഫ്.എം.15/2298/08 തി:24.04.2009 | 10 | |
| 2005-06 | എൽ.എഫ്.എം.15/939/10 തി:01.11.2010 | 9 | |
| 2006-07 | എൽ.എഫ്.എം.15/940/10 തി:01.11.2010 | 12 | |
| 2007-08, 2008-09, 2009-10 | എൽ.എഫ്.എം.6/1614/12 തി:12.07.2012 | 22 | |
| 2010-11 | എൽ.എഫ്.എം.6/1771/13 തി:31.05.2014 | 12 | |

| | | | |
|---|---|---|---|
| 2011-12,12-13 | എൽ.എഫ്.എം.6/1110/15 തി:12.06.2015 | 12 | |
| 2013-14, 14-15 | കെ.എസ്.എ.എം.പി.എ.6/2113/16 തി. 09-08-2016 | 28 | |
| 2015-16 | കെ.എസ്.എ.എം.പി.എ.6/3458/16 തി. 03-02-2017 | 14 | |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

## അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം.22/2003/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി : 4.10.2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കീഴപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കീഴപറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

## അനുബന്ധം - 2

# AUDIT CERTIFICATE

No.KSA/MPM22/2003/2017

Kerala State Audit Department

District Audit office, Malappuram
Phone: 0483 -2734951

Email: dompm.ksad@kerala.gov.in
Dated 4.10.2017

Certified that I have audited the Annual Financial Statement of Keezhuparamb Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Keezhuparamb Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department

Malappuram